(ഇ) പരിശീലനം ആഗ്രഹിക്കുന്നവർക്ക് നിശ്ചയിച്ചിരുന്ന വിദ്യാഭ്യാസ യോഗ്യതകളും മറ്റ് യോഗ്യതകളുമെന്തായിരുന്നു ;

(എഫ്) ഓരോ ബാച്ചിലും എത്രപേരെ വീതമാണ് പരിശീലിപ്പിച്ചിരുന്നത് ;

(ജി) ആകെ എത്ര ബാച്ചുകൾക്ക് പരിശീലനം നൽകി ;

(എച്ച്) പരിശീലനം ലഭിക്കേണ്ടവരെ തെരഞ്ഞെടുക്കുന്നതിന് ഇന്റർവ്യൂ ബോർഡ് ഉണ്ടായിരുന്നുവോ ;

(ഐ) എങ്കിൽ ഓരോ ബാച്ചിനേയും തെരഞ്ഞെടുത്ത ഇന്റർവ്യൂ ബോർഡിൽ ആരെല്ലാമുണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ എല്ലാ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും പരിശീലനം കിട്ടത്തക്കരീതിയിൽ ഘട്ടംഘട്ടമായിട്ടാണ് പരിശീലനം സംഘടിപ്പിച്ചിട്ടുള്ളത്.

(ബി&സി) പരിശീലനാർത്ഥികളെ പരസ്യം ചെയ്ത് ക്ഷണിക്കാറില്ല. ബന്ധപ്പെട്ട പഞ്ചായത്തുകൾക്ക് വിവരം നൽകി ജനപ്രതിനിധികളെ/ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുകയാണ്.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) പരിശീലനം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥന്മാർക്കുമായിരുന്നു.

(എഫ്) 50 മുതൽ 100 വരെ ആളുകളാണ് ഓരോ ബാച്ചിലും ഉണ്ടായിരുന്നത്.

(ജി) വിവിധ ബാച്ചുകളിൽ 129410 പേർക്ക് പരിശീലനം നൽകി.

(എച്ച്) ഇല്ല.

(ഐ) ബാധകമല്ല.

കാപ്പ്ഡെക് സീനിയർ മെമ്പർമാരെ സഹായിക്കുന്നതിന് രൂപീകരിച്ച എക്സിക്യൂട്ടീവ് യൂണിറ്റ്

37 (4472) ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 24-12-1999-ലെ ജി.ഒ.(എംഎസ്.) 58/99/പ്ലാനിംഗ് എന്ന ഉത്തരവ് പ്രകാരം കാപ്പ്ഡെക് രൂപീകരിച്ച ജോയിന്റ് പ്രോജക്ട് കമ്മിറ്റിയെ സഹായിക്കുന്നതിന് രൂപം കൊടുത്ത പ്രോജക്ട് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സീനിയർ മെമ്പർമാരുടെ ദൈനംദിന കർത്തവ്യങ്ങളിൽ സഹായിക്കുന്നതിന് ഒരു എക്സിക്യൂട്ടീവ് യൂണിറ്റ് ഉണ്ടാക്കിയിട്ടുണ്ടോ ;

(ബി) ഈ യൂണിറ്റിലെ അംഗങ്ങളുടെ പേരുവിവരം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത അംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത, അവരുടെ പരിചയം, തെളിയിക്കപ്പെട്ട കഴിവ് എന്നിവ എന്തായിരുന്നു ; അവരുടെ കർത്തവ്യങ്ങൾ എന്തെല്ലാമായിരുന്നു ; അവർക്ക് ഓരോരുത്തർക്കും എന്തെല്ലാം പ്രതിഫലം നല്കി എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഡോ. ജോയ് ഇളമൺ, ശ്രീമതി മറിയാമ്മ സാനു ജോർജ്

(സി) ഡോ. ജോർജ് ഇളമൺ, എം.ബി.ബി.എസ്., എം.പി.എച്ച്.

വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളിൽ മൂന്നു വർഷത്തെ പരിചയം, ആസൂത്രണ ബോർഡിൽ കൺസൾട്ടന്റ്, എറണാകുളം സാക്ഷരത പ്രസ്ഥാനത്തിന്റെ അസിസിറ്റന്റ് പ്രോജക്ട് ഓഫീസർ, വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട കൈപുസ്തകങ്ങൾ തയ്യാറാക്കൽ, പരിശീലനം സംഘടിപ്പിക്കൽ.

ശ്രീമതി മറിയാമ്മ സാനു ജോർജ്, എം.എ., എം.ഫിൽ

വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനങ്ങളിൽ ആസൂത്രണബോർഡിൽ പ്രവർത്തിച്ച പരിചയം, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, പരിശീലന പരിപാടികൾ എന്നിവയുടെ മോണിട്ടറിംഗ് ചുമതല വഹിച്ച പരിചയം വികേന്ദ്രീകൃതാസൂത്രണവുമായി ബന്ധപ്പെട്ട പ്രബന്ധങ്ങൾ, ഇവർക്ക് നൽകിയ പ്രതിഫലം ചുവടെ ചേർക്കുന്നു.

ഡോ. ജോയ് ഇളമൺ— 7.08 ലക്ഷം രൂപ

ശ്രീമതി മറിയാമ്മസാനു ജോർജ് —4.96 ലക്ഷം രൂപ

മൊബൈൽ ഫീൽഡ് ടീംസ്

38 (4473) ശ്രീ. എം. എ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 24-12-1999 -ലെ ജി.ഒ.(എംഎസ്.) 58/99/പ്ലാനിംഗ് എന്ന ഉത്തരവ് അനുസരിച്ച് എത്ര മൊബൈൽ ഫീൽഡ് ടീംസിനാണ് സാംഗ്ഷൻ നൽകിയത് ;

(ബി) ഈ ടീമിൽ എത്ര പേരുണ്ടായിരുന്നു ;

(സി) ഇവരെ എപ്രകാരം തെരഞ്ഞെടുത്തു ;

(ഡി) ഇവരുടെ നിയമനം സംബന്ധിച്ച് വ്യാപകമായ പരസ്യം നൽകിയിരുന്നുവോ ;

(ഇ) ഈ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ പേരും വിലാസവും വിദ്യാഭ്യാസ യോഗ്യതയും പരിചയവും കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly